ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശമ്പളക്കാര്യത്തിൽ അങ്ങനെ ചില വ്യത്യാസങ്ങൾ ഉണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: തിരുവിതാംകൂറിൽ ഹിന്ദി കോളേജ് എവിടെയെങ്കിലും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉള്ളതായി അറിവില്ല.

T. B. INSTITUTIONS

*658. [21] **Sri. Chelady Rowther:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) how many T. B. Institutions are there already functioning in the State;

(*b*) when was the construction of the T. B. Sanatorium at Mulakunnathukavu began and when it is expected to begin functioning; and

(*c*) who is in full charge of the work?

ശ്രീ. എ. ജെ. ജാൺ:

(എ) മൂന്ന്.

(ബി) 1952-ൽ ആരംഭിച്ചു. 1954 അവസാനത്തിനു് മുമ്പുതന്നെ പണി തീരുന്നതാണു്.

(സി) വടക്കാഞ്ചേരി അസിസ്റ്റൻറ് ഇഞ്ചിനിയരും ട്രിച്ചൂർ എക്സിക്യൂട്ടീവ് ഇഞ്ചിനിയരുമാണു് ചാർജ്ജ് വഹിക്കുന്നതു്.

സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: ആകെക്കൊള്ളാമാണു് കാൺട്രാക്ട് കൊടുത്തിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ അതിൻെറ ലിസ്റ്റ് കൈവശമില്ല.

ശ്രീ. എൻ. പി. വറുഗീസ്: ഇൻഡ്യാ ഗവൺമെണ്ടു് തിരുവനന്തപുരത്തു് ഒരു ടി. ബി. ആശുപത്രി സ്ഥാപിക്കുന്നതിനു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഡബ്ലിയു. എച്ചു്. ഓ. യുടെ സഹായത്തോടുകൂടി ഒരു ടി. ബി. ക്ലിനിക്കു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അതു് ഉടനെ ആരംഭിക്കുന്നതാണു്.

OTTUPARA HOSPITAL

*659. [22] **Sri. Chelady Rowther:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the number of beds available in Ottupara Hospital in Trichur District; and

(*b*) whether the available beds suffice to cope with the demand for admission of in-patients?

ശ്രീ. എ. ജെ. ജാൺ:

(എ) രണ്ടു്.

(ബി) മതിയാകുകയില്ല.

ദേവികുളത്തെ ഭൂമിപതിവുനയം

*൯൯൦. (൨൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:—

(എ) ദേവികുളം താലൂക്കു പള്ളിവാസൽ പകുതിയിൽ മുമ്പു ഉണ്ണിത്താൻ ഗവൺമെണ്ടിൻെറ കാലത്തു് കൃഷിക്കായി ലേലം ചെയ്തു കൊടുത്തതും, പിന്നീടു സംഖ്യ തിരിയെ കൊടുത്തു ലേലം അസ്ഥിരപ്പെടുത്തിയതുമായ സ്ഥലങ്ങൾ ഇപ്പോൾ ഒരിദ്ദേഹത്തിനു കൃഷിക്കായി വീതിച്ചു കൊടുത്തിട്ടുള്ളതെല്ലാം ഭൂമിയില്ലാത്ത ഒരിദ്ദേഹങ്ങൾക്കുതന്നെയാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു പറയുവാൻ സാധിക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ ഒരിദ്ദേഹത്തിനു പലരുടേയും പേരിൽ അധികം ഭൂമിയുള്ള ധനവാന്മാർ കരസ്ഥമാക്കിയതായി വല്ല പരാതിയും ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു അന്വേഷണം നടത്തി?

ശ്രീ. എ. ജെ. ജോൺ:

(എ) ഈ സ്ഥലങ്ങളിൽ ഭൂരിഭാഗവും ഭൂമിയില്ലാത്തവർക്കു തന്നെയാണു് കൊടുത്തിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly